പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 17

# 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 17

# 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 17

# 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിലെ (2015-ലെ 16) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹിന്ദുമതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വസിക്കുന്നവരുമായ ചെയർപേഴ്സണും രണ്ട് അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ജില്ലാ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ അല്ലെങ്കിൽ ജില്ലാ ജഡ്ജി ആയി നിയമിക്കപ്പെടാൻ യോഗ്യതയുള്ളതോ ആയ ഒരാളെ ചെയർപേഴ്സണായി നിയമിക്കേണ്ടതാണ്. അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെടുന്ന ആളുമായിരിക്കേണ്ടതാണ്. അംഗങ്ങൾ, തൊഴിൽസംബന്ധമായതോ സേവനപരമായതോ അല്ലെങ്കിൽ ഭരണപരമായതോ ആയ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിചയസമ്പന്നരായിരിക്കേണ്ടതാണ്."

3. 4-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിലെ (vii)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്.

4. 5-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(i) ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലം പൂർത്തിയാകുന്നതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്.".

5. 8-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിലെ (4)-ാം ഉപവകുപ്പിൽ 'നാല്' എന്ന വാക്കിനുപകരം 'രണ്ട്' എന്ന വാക്ക് ചേർക്കേണ്ടതാണ്.

6. ബോർഡിലെ നിലവിലുള്ള ചെയർപേഴ്സണെയും അംഗങ്ങളെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—പ്രധാന ആക്റ്റിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്റെ നിലവിലുള്ള ചെയർപേഴ്സണും അംഗങ്ങളും 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ അപ്രകാരമുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്നതല്ലാതായി തീരുന്നതാണ്."

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് (2015-ലെ 16-ാം ആക്റ്റ്) സംസ്ഥാനത്തിലെ ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ മറ്റ് വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾക്കുവേണ്ടി ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി സ്വയംഭരണാവകാശത്തോടുകൂടിയ ഒരു ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നു.

2. സംസ്ഥാനത്തെ ദേവസ്വം ബോർഡുകളെ അതിന്റെ ഭരണ നിർവ്വഹണത്തിനും ക്ഷേത്രങ്ങളുടെ നടത്തിപ്പിനും ആവശ്യമായ ഉദ്യോഗസ്ഥരേയും ജീവനക്കാരെയും നിയമിക്കുവാൻ പ്രാപ്തമാക്കുന്നത് പൊതുതാത്പര്യത്തിന് ആവശ്യമാണെന്ന് കരുതുന്നതിനാലും ദേവസ്വം ബോർഡുകളിലെ സ്പെഷ്യൽ റൂളുകളുടെ അഭാവത്തിൽ, അവ രൂപീകരിച്ച് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന ദേവസ്വം ബോർഡുകളിലേക്ക് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുന്നതിന് അധികസമയം വേണ്ടിവരുമെന്ന് കാണുന്നതിനാലും ബോർഡിലെ അംഗങ്ങളുടെ എണ്ണവും ഭരണപരമായ ചെലവും കുറയ്ക്കുന്നതിനായി തീരുമാനിച്ചതിനാലും ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ അഡ്മിനിസ്ട്രേറ്റീവ്

സർവ്വീസിലെ വിവിധ തസ്തികകളിലേക്കുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുവാൻ കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തുന്നതുവരെ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് നിലവിൽ ബോർഡിനെ ചുമതലപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചതിനാലും 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് അനുയോജ്യമായി ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

3. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കടകംപള്ളി സുരേന്ദ്രൻ

# 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിൽ (2015-ലെ 16) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

3. ബോർഡ് രൂപീകരണം.— (1) സർക്കാർ ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്കുശേഷം കഴിയുന്നത്രവേഗം ഈ ആക്റ്റിന്റെ കീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുംവേണ്ടി ഗസറ്റ് വിജ്ഞാപനം വഴി 'കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്' എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടുംകൂടിയ മേൽപ്പറഞ്ഞ പേരിലുള്ള സ്വതന്ത്രവും സ്വയംഭരണാവകാശത്തോടുകൂടിയതുമായ ഒരു ഏകാംഗീകൃതനികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹിന്ദുമതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരുമായ ആറ് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാൾ ചെയർപേഴ്സൺ ആയിരിക്കേണ്ടതും മറ്റ് അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ ഉള്ള ആൾ ആയിരിക്കേണ്ടതുമാണ്.

(4) ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്ന ഒരാളെ ബോർഡിന്റെ സെക്രട്ടറിയായി സർക്കാരിന് നിയമിക്കാവുന്നതാണ്. അദ്ദേഹം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കേണ്ടതും ബോർഡ് അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

(5) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. അംഗത്വത്തിനുള്ള അയോഗ്യത.—നാമനിർദ്ദേശത്തിനാൽ ബോർഡിലെ അംഗമാകുന്നതിന് ഏതൊരാളും, അയാൾ,—

(i) ബുദ്ധിസ്ഥിരതയില്ലാത്തയാളോ;

(ii) അവിമുക്ത നിർദ്ധനനോ;

(iii) ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഒരു ദേവസ്വം ബോർഡിന്റെയോ ഒരു ഔദ്യോഗികസ്ഥാനം വഹിക്കുന്നയാളോ ഒരു ജീവനക്കാരനോ;

(iv) ബോർഡ് ഉൾപ്പെട്ടിട്ടുള്ളതും നിലവിലുള്ളതുമായ ഏതെങ്കിലും കരാറിൽ താൽപ്പര്യമുള്ള ആളോ ബോർഡിനുവേണ്ടി ഏതെങ്കിലും ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളോ;

(v) സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന ഏതെങ്കിലും കുറ്റത്തിന് ഒരു ക്രിമിനൽ കോടതിയാൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളോ;

(vi) ഒരു കോടതി ഉത്തരവുമൂലം ഏതെങ്കിലും ഔദ്യോഗികസ്ഥാനം വഹിക്കുന്നതിൽനിന്നും നീക്കം ചെയ്യപ്പെട്ട ആളോ;

(vii) മദ്യത്തിന്റെ ഉൽപ്പാദനത്തിലോ വിപണനത്തിലോ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിട്ടുള്ളതോ ആയ ആളോ,

ആണെങ്കിൽ അയോഗ്യനാക്കപ്പെടുന്നതാണ്.

5. <u>ചെയർപെഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗകാലാവധിയും സേവന വ്യവസ്ഥകളും.</u>— (1) ചെയർപെഴ്സണും മറ്റ് അംഗങ്ങൾക്കും അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ അഞ്ച് വർഷക്കാലം പൂർത്തിയാകുകയോ, അവർക്ക് 65 വയസ്സ് തികയുകയോ, ഇതിൽ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത്, അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.

(2) ** ** ** **

(3) ** ** ** **

(4) ** ** ** **

(5) ** ** ** **

(6) ** ** ** **

(7) ചെയർപേഴ്സണും അംഗങ്ങളും മുഴുവൻ സമയ ഉദ്യോഗസ്ഥരായിരിക്കുന്നതും അവർക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ശമ്പളത്തിനും ബത്തകൾക്കും അർഹതയുണ്ടായിരിക്കുന്നതുമാണ്.

** ** ** **

8. ബോർഡിന്റെ യോഗങ്ങൾ.—(1) ചെയർപെഴ്സണ് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള സ്ഥലത്തും സമയത്തും, ആവശ്യമായി വരുമ്പോഴെല്ലാം, ബോർഡിന്റെ യോഗം ചേരേണ്ടതാണ്.

(2) ** ** ** **

(3) ** ** ** **

(4) ഒരു യോഗത്തിന്റെ കോറം, ചെയർപേഴ്സൺ ഉൾപ്പെടെ നാല് ആയിരിക്കേണ്ടതാണ്.

(5) ** ** ** **

(6) ** ** ** **